മഹാരാജാവു്
തിരുമനസ്സിലെ
ജനയിത്രി ൧൦൬൬-ൽ തീപ്പെട്ട
വലിയമ്മ തമ്പുരാൻ തിരുമനസ്സുകൊണ്ടു
ശേഖരിച്ചുവെച്ചിരുന്ന പഴയ ഗ്രന്ഥങ്ങളിൽ
നിന്നു് കണ്ടെടുത്തു് മഹാരാജാവു് തിരുമനസ്സു
കൊണ്ടു തന്നെ പകൎത്തി സൂക്ഷിച്ചിട്ടുള്ള ചില പാട്ടുകൾ

# ൧. മീനാക്ഷീനാടകം.
# ൨. വസ്ത്രാക്ഷേപം.

എറണാകുളം:
കൊച്ചി സൎക്കാർ അച്ചുക്കൂടത്തിൽ അച്ചടിച്ചതു്.
൧൧.൨.

മഹാരാജാവു്

തിരുമനസ്സിലെ

ജനയിത്രി ൧൦൬൬-ൽ തീപ്പെട്ട

വലിയമ്മ തമ്പുരാൻ തിരുമനസ്സുകൊണ്ടു

ശേഖരിച്ചുവെച്ചിരുന്ന പഴയ ഗ്രന്ഥങ്ങളിൽ

നിന്നു് കണ്ടെടുത്തു് മഹാരാജാവു് തിരുമനസ്സു

കൊണ്ടു തന്നെ പകർത്തി സൂക്ഷിച്ചിട്ടുള്ള ചില പാട്ടുകൾ.

# ൩. മീനാക്ഷീനാടകം.

# ൪. വസ്ത്രാക്ഷേപം.

എറണാകുളം:

കൊച്ചി സർക്കാർ അച്ചുക്കൂടത്തിൽ അച്ചടിച്ചതു്.

൧൧൧൪.

# മീനാക്ഷീനാടകം.

(കളമൊഴിമാർ എന്നപൊലെ)

ചന്ദ്രനും ഗംഗയും ചൂടുന്നൊനും
ഉന്ദുരുവാഹനൻ ഗണപതിയും *

ഇന്ദിരാനാഥനും വാണിതാനും
ഇന്ദ്രാദിദെവകൾ മുനിവരരും *

വന്ദ്യരായുള്ളൊരു സജ്ജനവും
നന്ദിച്ചു നൽക വരമെനിയ്ക്കു *

കന്ദർപ്പാരിപ്രിയാനാടകത്തെ
സന്ദെശമായിന്നു ചൊല്ലിടുന്നെൻ * ൧

(കണ്ടാലെത്രയും കൌതുകം എന്നപൊലെ)

പുരാ പാണ്ഡ്യപുരെ പാരം ധീരനായിട്ടൊരു
നരപതി മലയധ്വജനുണ്ടായി *

പുരത്തിൽ താൻ ചാരുശീലൻ പത്നിയൊടുംകൂടി
ചിരകാലം കെളിയാടി മൊദത്തൊടെ *

പുരുഹൂതസമനാകും നരപതി പാരം
പെരിയൊരു ഖെദം പൂണ്ടു പുത്രലൊഭാൽ *

പരിതാപാതുരരായ ദമ്പതിമാർമുമ്പിൽ
പരിചൊടെ വരുത്തിനാൻ മന്ത്രിതന്നെ *

ശൂരനായാമാത്യനൊടു നരപതിതാനും
സാരമെല്ലാമുരചെയ്തു ശൊകമൊടെ * ൨

(മുരവൈരിദെവന്റെ എന്നപൊലെ)

സുമതിയാം മന്ത്രിയും സമയൊചിതം പാൎത്തു
സമൎത്ഥം നൃപൊക്തിയറിഞ്ഞശെഷം *

സ്വാമിതൻ ദുഃഖനിവൃത്തിയെ കാമിതൻ
ഗമിച്ചിതാചാൎയ്യൻതൻ സന്നിധിയിൽ *

സമസ്തകല്യാണവാനാകുമാ ഗൌതമൻ
സുമതിയൊടാദരാലുരച്ചിതെവം *

കൊമളഗാത്ര നിന്നാഗമനംകൊണ്ടു
നിൎമ്മലമായിതിന്നെന്റെ ഗെഹം *

കാമിതമെന്തെന്നു സാമ്പ്രതം ചൊല്ലുക
ഞാനിതാ കെവലം നൽകുന്നുണ്ടു *

കാമിനിവഞ്ജിതനിത്ഥം കഥിച്ചപ്പൊൾ
ഭൂമിപദുഃഖമവനുണൎത്തി *

ആമയശാന്തിയ്ക്കുപായം തപൊധനൻ
കാമെഷ്ടി ചെയ്യണമെന്നുരച്ചു *

താമസംകൂടാതെ പുത്രകാമെഷ്ടിയ്ക്കു
ധീമാനമാത്യനും കൊപ്പുകൂട്ടി *

സമൎത്ഥനായൊരു താപസശ്രെഷ്ഠനും
സമയെ തുടങ്ങിനാൻ കാമെഷ്ടിയും * ൩

(പാന പൊലെ)

കാലകാലന്റെ കാരുണ്യം ഭൂപനിൽ
മെലെയുണ്ടാകകാരണം ശൈലജ *

മാലകറവാനായിട്ടാഹൊമത്തിൽ
ബാലമീനാക്ഷിയായിട്ടു കാണായി *

ബാലചന്ദ്രനെ വെല്ലും മുഖാംബുജം
ഫാലദെശമതെത്ര മനൊഹരം *

നല്ല വില്ലിനെ വെല്ലുന്ന ചില്ലിയും
ചാലവെ പെരുനൽകുന്ന നെത്രവും *

കാലെ പൂത്ത തിലത്തിന്റെ പുഷ്പത്തി
ന്നാലസ്യം നൽകും നാസികാഭംഗിയും *

പല്ലവത്തിനും മുല്ലതൻ മൊട്ടിനു
മല്ലലെകുമധരവും ദന്തവും *

പല്ലവാധരിതന്നുടെ ഹാസവും
നല്ലൊരാനന്ദമെകുന്ന ഗാത്രവും *

എല്ലാമൊത്തങ്ങു കാണ്കയാൽ ഭൂപനും
ചൊല്ലരുതാതൊരാനന്ദം വൎദ്ധിച്ചു * ൪

(കല്യാണി കളവാണി എന്ന പൊലെ).

മല്ലാക്ഷിതന്നെ ഭൂപൻ മെല്ലവെ മടിയിൽവെ
ച്ചുല്ലലെന്നിയെ നീളെ വീക്ഷിച്ചപ്പൊൾ *

പല്ലവാധരിയുടെ മാറത്തങ്ങൊരുസ്തനം
വില്ലാളി വിശെഷമായ്ക്കണ്ടനെരം *

മുല്ലസായകരിപുഭക്തനാം ഭൂപാലനും
നില്ലാതുള്ളൊരുശൊകെ മഗ്നനായി *

ഇല്ലല്ലൊ കെട്ടിട്ടു ഞാൻ മല്ലാരെ മൂന്നു മുല
ചൊല്ലെഴും നാരിമാൎക്ക ലൊകത്തിങ്കൽ *

കല്യാണരൂപിയിവൾക്കീവിധം വിരൂപത
തുല്യമായല്ലാതെ നൽകാനെന്തീശൻ *

സൎവ്വല്ലൊകനാരികളും നാണിയ്ക്കുമിവളുടെ
ഉല്ലൊമഹീനം ഗാത്രം കാണുന്നെരം *

നല്ല ലക്ഷണമിവൾക്കുണ്ടെന്നു വരികില്ല
മല്ലലീ മുലകൊണ്ടു പാരം വന്നു *
മല്ലസായകസമൻ കാഞ്ചനമാലചൊല്ലാ
ലീശനെ സ്തുതിച്ചു കാരുണ്യാബ്ധിയെ * ൫

(കാർമ്മുകാൽവർണ്ണ എന്ന പൊലെ).

എന്നുടെ നാഥ മുണ്ഡകര നീയിന്നു മാം
നന്നായി പാലയ മാം *
മന്നിലിങ്ങിനെയുള്ളൊരു കന്യക
മാന്യയല്ലെന്നു നിർണ്ണയം *
വന്നുകൂടുകിൽ നന്നു മെ മൃതി
യിന്നിതിൽപരം ദൈവമെ *
കുന്നിൽനാഥ നീ നിന്നുടെ മൊഹം
ശൂന്യമാക്കുക വൈകാതെ *
മാന്യനായുള്ളൊരെന്നെ നീയിന്നു
നിന്ദ്യനാക്കൊല്ല ദൈവമെ *
കന്യകയിവൾ മൂന്നുലകിലും
വന്ദ്യയായി ഭവിച്ചിടെണം *
ദൈന്യതയിന്നെനിയ്ക്കിതിൽപര
മന്യമായൊന്നിലില്ല *
ഭെദമെന്നു മാലൊകർ നിന്ദിയ്ക്കും നമ്മെ
ഇന്ദുമൌലെ മാം പാലയ * ൭

(മറവുള്ള ഗൊപിമാർ എന്നപൊലെ).

ഇത്തരം ഭൂപൻ പ്രലാപിയ്ക്കുമപ്പൊൾ
സത്വരം കെൾക്കായി ദിവ്യമാം വാക്യം *

അത്തലിനിമതി ഭൂപതിമൌലെ
ആത്തമൊദം ഭവാൻ വാഴ്ക മെലിൽ *

ഉത്തമിയായിടും നിന്നുടെ പുത്രി
സത്യമായെന്നെ തീരുനാവമില്ല *

മത്തെഭഗാമിനിയാകുമിവൾക്കു
ചിത്തെ തെളിഞ്ഞൊരു നാഥനമുണ്ടാം

ഭർത്താവിൻദർശനം ചെയ്യിവളെന്നാൽ
പെർത്തുമിന്നുമല്ലൽ കാണുകയില്ല

ആർത്തനാം ഭൂമിപൻ ഗീരുക്കളെവം
ചീർത്താനന്ദം മുനിതന്നൊടു ചൊന്നാൻ *

മൃത്യുഞ്ജയൻതന്റെ കാരുണ്യമെന്നു
അത്യുന്നതഭക്തൻ ഗൌതമനൂചെ *

## (മാരുതനന്ദന എന്നപൊലെ).

ചൊല്ലെറും നന്ദനെ തെല്ലുമെ വൈകിടാതെ
അല്ലലൊഴിയ്ക്കുക ബാലെ *

കല്യാണശീലെ നീ മെല്ലവെ പാരം രാജ്യ
മുല്ലാസത്തൊടുടൻ വാഴ്ക *

ശല്യമാകുമെനിയ്ക്കീ ഭാരം
പല്ലവാധരി നന്നായൊഴിയ്ക്കു *

തുല്യതയില്ലാത്ത വില്ലാളിഗൌരവ
കല്യത ഞാൻ സുതെ തീർത്തു *

എല്ലാവരുമായി വാഴ്ക നീ ഊഴിയെ
നല്ലതു വന്നിടും ബാലെ *

വല്ലാത്ത ഗീരുകളിങ്ങിനെ താതന്റെ
കല്യാണി കെട്ടിട്ടു ചൊന്നാൾ *

(അഞ്ചിതകെള। എന്ന പൊലെ).

ചന്തമൊടെൻ താതൻ ചിന്തിച്ചതെന്തിതു
ഹന്ത പറവതെന്തിതയ്യൊ *

അന്തകാരി പുനരെന്തിതു തൊന്നിയാൽ
അന്തമില്ലാതുള്ളൊരു ദുഃഖം *

പന്തൊക്കും മുലയാളാം ഞാനിന്നീ ഭൂമി
ചിന്തിയ്ക്കിലെങ്ങിനെ പാലിയ്ക്കും *

അന്ധയാം കന്യക ഊഴിയെ പാലിയ്ക്ക
സന്തതം പഴിച്ചിടും ലൊകെ *

കാന്തി നൽകിടുമെൻ വെളിയ്ക്ക ശെഷമാ
യെന്തീടാം ഭാരത്തെയും താത * ൻ

(കൊണ്ടൽവെണി എന്ന പൊലെ).

അംഗനാമണി ചൊന്ന വാക്കുകൾ
തിങ്ങിനമൊദാൽ കെട്ടു ഭൂപതി *

എങ്ങുമെ നിനക്കൊത്ത കാന്തനെ
മംഗലാംഗി ഞാൻ കാണുന്നില്ലെടൊ *

അംഗസൌന്ദൎയ്യമുള്ള നിന്നുടെ
ചങ്ങാതിയായിട്ടൊരു ഭൂതലെ *

സംഗതി നിനക്കീശൻ നൽകാതെ
എങ്ങിനെ വരുമിന്നു മല്പ്രിയെ *

ഭംഗമെന്യെ അഭിഷെകൊപരി
ഭംഗിയിൽ തിരഞ്ഞിടാം കാന്തനെ *

ഭംഗവെണിയാൾ സമ്മതമൊടെ
മംഗലമഭിഷെകം ചെയ്തുപൊൽ * ൧൦

(വിണ്ണവനാഥന്മാരായാലിത്ര എന്നപൊലെ).

മീനാക്ഷി കാന്തനെ കാണ്മാൻ—മാൎഗ്ഗം
മാനസെ ചിന്തിച്ചിതെവം *

ഊനമെന്യെ മമ കാന്തൻ—തന്നെ
ദീനതവിട്ടു തിരയെണം *

നാനാഗുണമുള്ള മന്ത്രി—യൊടു
സ്ഥാനത്തിരുന്നരുൾചെയ്തു *

സെനയൊടൊന്നിച്ചു നാനാ—ലൊകെ
ആഗമിയ്ക്കെണം നീ നീളെ *

വാനവർലൊകമതാദി—യായി
മാനമൊടിന്നു ജയിയ്ക്കാം *

ആനന്ദമൊടെന മന്ത്രി—യൊടും
യാനം തുടൎന്നിതു ദെവി *

(വൃഷ്ണിവംശജാതനാകും എന്നപൊലെ).

പാകശാസനപുരത്തിൽ
പാകമെന്യെ കടന്നുടൻ
കാമമുടനിന്ദ്രനെകി
മധുരവാണി *

ഏകയായി സപ്തദിക്കു
പാലകരെ ജയിച്ചവൾ
പൊകയിനി മുനീശ്വരൻ
മുന്നിലെന്നുരച്ചു *

പുകൾ പൊങ്ങും തടാതക
ശകടത്തിലെറി പിന്നെ
സകലെശൻതന്റെ പുര
ദ്വാരെ ചെന്നുടൻ *

സൈകശൊണാഭതെടുന്ന
മൂകാംബിതൻ പാണിദചയെ
സാകമമ്പും വില്ലുമെന്തീ
ട്ടുതി ക്കുമ്പിച്ചു *

പാവകൻതൻ പ്രഭപൊലെ
എന്തുവാനിതെന്നദചാരെ
ആകവെ നന്ദികെശൻതാൻ
കണ്ടഞ്ഞെത്തുത്തു * ൩൨

(സൌരാഷ്ട്രം—കുന്തീസുതന്മാരെ എന്നപൊലെ).

ആരാരെട തടുത്തിവൻ
പാരിടത്തിലെന്നെയിന്നു
വീരമൌലിമണിയാകും
ധീരപാണ്ഡ്യതനയ ഞാൻ *

മാരവൈരി മധുരെശൻ
പാരം ബലാൽ നിന്നെയിപ്പൊൾ
പൊരിൽ പരാജിതനാക്കി
പാരാതെ പായിച്ചിടുന്നെൻ *

ഹരഭക്തയല്ല നീയീ
മാരഭക്തയെന്നു നൂനം
മുരാരിതൻ ഭക്തനാം ഞാൻ
പാരം നാരീ പെടിയ്ക്കുമൊ *

വീരവാദം നാരിമാക്കു
ശ്ശൂരാത്മജനവൻതന്നെ
മാരതാപം പിടിപെട്ടു
നെരല്ലാതായ്നിൻെറ ചിത്തം *

ആരുടെ പുരമിതെന്നു
കരുതി എന്നെ ദൂഷിച്ചു നീ

ശരണം പ്രാപിച്ചീടല്ലായ്കിൽ
മരണം വന്നു സംഭവിയ്ക്കും *
മരവാസികരങ്ങാം നീ
ശരമാരി തടുത്താലും
ഘോരബാണബലത്തിനാൽ
ശരണം ഞാൻ പ്രാപിയ്ക്കുന്നേൻ * ൫൩

(രുഗ്മിണിയോടു ചെന്നു എന്നപോലെ).

ശങ്കര ജയ ശംഭോ മഹാദേവ
സങ്കടങ്ങളകററുക വൈകാതെ *
നിങ്കലുള്ളൊരു കാരുണ്യമിന്നു നീ
എങ്കൽ ഹീനം കയ്യിട്ടിട്ടു ദൈവമെ *
നിൻ കൃപയെന്ന്യെ ദേവകളും വന്നു
നിങ്കഴൽക്കും വണങ്ങുമാറില്ലല്ലൊ *
കൊങ്ക മൂന്നുള്ളൊരംഗന ഗോപുരെ
തിങ്കൾമൌലെയനാഗതയായപ്പോൾ *
പങ്കജാക്ഷിയെ ഭോരെ വിലക്കയാൽ
കിങ്കരരാക്കിച്ചെയ്തിതു ഞങ്ങളെ *
ഹുംകൃതിയവർക്കുള്ളതു പോക്കി മാം
ചെങ്കനൽക്കണ്ണു പാലിയ്ക്ക സന്തതം * ൫൪

(അത്തുനേരം മന്നവന്മാർ എന്നപോലെ).

അതിഖേദാൽ നന്ദികേശൻ സ്തുതിചെയ്തു ചൊന്ന വാൎത്ത
മതിതന്നിൽ കുതുകേന നിശമ്യ നാഥൻ *
ഖ്യാതി തേടും കുമാരിയെ സതിദേവി ശരിയ്ക്കുന്നു
കൌതിയോടെ സ്ഥിതിചെയ്തു ഗമിച്ചശേഷം *

സതിദെവി പതിതൻെറ ഗതിഭാവം കണ്ടനെരം
അതിശയഭക്തിപൂൎവ്വം ഹസിച്ചിതെവം *

മതിയാത്തു രതിയ്ക്കെത്തും ഹിതമാകും ക്ഷിതിതന്നിൽ
മധുരാധിപതിതന്നൊടവനീശനെ *

വധിച്ച നീ കൃതികളാൽ സ്തുതിയ്ക്കായി മുതിരൊല്ല
സ്ഥിതിയ്ക്ക വാ മുതിരൊല്ല എത്തുക്കെന്നൊട്ട *

ഇതി ഹസിതങ്ങൾ കെട്ടു മതിമെലി കുതുഹലാൽ
സ്ഥിതിചെയ്തിതവളൊടു പറഞ്ഞാനിത്ഥം *

പാരിൽ മമ കാവലാളി പതിതനായിത്തു നിന്നാൽ
പ്രീതിയെനിയ്ക്കതിലെററം മധുരവാണി *

മതിമുഖി തവ കാന്തൻ ദിതിജനിശാപനഹം
പതിവ്രതെ മതിമാനെ വരിച്ചുകൊൾക *

പതിയൊത്തും വാക്യമെവമതിശയാൽ കെട്ടടനെ
പ്രതിയൊഗി അതിക്രമിച്ചിദം ബഭാഷെ *

പ്രാൎത്ഥി നാരിപ്രതിക്രിയയ്ക്കെനിയ്ക്കെന്നു മദിയ്ക്കയൊ
സാൎത്ഥികഭാവനായെന്നെ അധിക്ഷെപിച്ചു *

പ്രാൎത്ഥിയഹം കാട്ടിടുവൻ പത്രികയാലിന്നു നിന്നെ
തൃപ്തി നിനക്കതു നന്നായ്വരുത്തും നൂനം *

പത്രികയാൽ നിന്നെ തത്ര കെട്ടിക്കൊണ്ടു മധുരയ്ക്കു
പത്രിപാണ്ഡ്യൻ ചിത്രമായി പൊകുംമുന്നമെ *

ചിത്രഭാവാലത്ര പൊയി ക്ഷിപ്രംനിൻെറ പുരിതന്നിൽ
പുത്രരൊടും ചിത്രം വാഴ്ക മമ നിയൊഗാൽ *

മിത്രം മമ നീയെന്നതു ധാത്രിപതിയറിഞ്ഞു ഞാൻ
ചിത്രം നിന്നെ പിരിഞ്ഞത്ര ഗമിയ്ക്കുമൊവാൻ *

ശത്രുവല്ലാ തവ വരഗാത്രം മമ വിരഹത്താൽ
തത്ര വാതം വലിയ്ക്കുന്നു തൊഴിമാർകളെ *

വൃ ഫ

ചിത്രചിത്രം മമ നാഥെ ഇത്ര കൊപമെന്തിതയ്യൊ
കൃത്രിമനല്ലിവൻ തവ കണ്ണവനത്രെ *

ഗൊത്രവാസിരുദ്രൻ തവ നെത്ര ഗതനായ ക്ഷണെ
ഗൊത്രപതിസുതെ സ്മനം മറഞ്ഞു കാങ്കെ *

വിസ്മൃതമാവാൎത്ത തന്റെ മന്ത്രിയാൾ ചൊന്നതു കെട്ടി
ട്ടെത്രയും ലജ്ജാ വിൽ വച്ചിട്ടിദം ബഭാഷെ * ഫ ഒ

(കണ്ടാലും രാക്ഷസമൈരലെ എന്നപൊലെ).

എന്തിനു ഹന്ത എൻ നാഥ—നിന്നു
ചിന്തിച്ചിതീവിധം മാൎഗ്ഗം *

സന്തൊഷം മെല്ലമെല്ലുണ്ടാ—യ്യുന്നു
സന്തതമീവക കൊണ്ടും *

സന്തതം നാരിക്കുതിമ്പം—ച്ചൊരകെ
സന്താപത്തിൽ മുന്നം നാഥ *

അന്തകാരെ നിന്നെ ഞാനും—മുന്നെ
കാന്തനെന്നൊട്ടുമറിയെൻ *

അന്തരംഗത്തിൽ ക്ഷമിക്ക—എന്റെ
അന്ധതചംകൊണ്ടുള്ള കുററം *

വെന്തിടുംമുന്നമെ ദെഹം—മമ
കാന്തനാശ്ലാലിക്കവെണം *

സന്തുഷ്ടനായി ഞാൻ മല്ലെ—ക്ഷണെ
അന്തികെ വന്നാലും ബാലെ *

ചെന്തളിർകൊമളഗാത്രെ—തവ
ചിന്തിതമെല്ലാം വരുത്താം *

കാന്തികൾ നൽകും മധുര—ശ്ശ നീ
സ്വന്തമായ്യൊരയിട്ടുടനെ *

വൃ ച

മന്ത്രിവരരൊടും കൂടി—ചെന്നു
സന്തതം സംഭാരത്തൊടും *

ആരാമമന്ദിരംതന്നിൽ—വാഴ്ക
ആരാമമെന്നിയെ ഞാനും *

.................—മമ
ദന്തിവരൻമുമ്പരൊടും *

സന്ധിച്ചു തിങ്കൾദിനത്തിൽ—തന്നെ
ചന്തത്തിൽ വന്നു വരിപ്പൻ * ഫന്നു

# വസ്ത്രാക്ഷെപം.

---

(അഞ്ചിതകെളി എന്നപൊലെ).

മാനിനിമാർകുലമൌലെ പൈങ്കിളിയാളെ
മാനസാനന്ദിനിയാളെ *

മീനവിലൊചനെ തെൻമൃദുഭാഷിണി
സാനന്ദമിന്നിഹ വന്നു *

തെനും പഴങ്ങളും നൽപഞ്ചസാരയും
പാനംചെയ്തതിസുഖമൊടെ *

മാനിനിമാൎക്കു കളിപ്പതിന്നൊരു കഥ
ഗാനമായുരചെയ്ക ബാലെ *

അംഗനമാരുടെ വാക്കുകളിങ്ങിനെ
തിങ്ങിനൊരാഗ്രഹാൽ കെട്ടു *

മംഗലഗാത്രിയാളാം കളവാണിയും
സംഗീതതരുമുകളെറി *

വെൺശൈലെശഗണെശഗുരുഭ്രാതന്മാർ
വാണീമുരാന്തകന്മാരെ *

താണുവണങ്ങി വഴങ്ങി സഭയിലുള്ള
കാണികളെ കനിവൊടെ

നാണമകന്നൊരു സൽക്കഥയും പാടി
താണുകളിച്ചുതുടങ്ങി *

മങ്കമാരെ നിങ്ങൾ കെൾപ്പിനിന്നൊരു കഥ
എങ്കിലൊ പണ്ടൊരു കാലം *

വൃ ർ

തിങ്കൾകലമൌലിയാകിയ ധൎമ്മജൻ
ശങ്ക വെടിഞ്ഞു സമൊദം *
മങ്കമാർമൌലിയാളാകുന്ന ദ്രൌപദി
തൻ കുചാലങ്കാരനായി *
ശങ്ക വെടിഞ്ഞവനിന്ദ്രപ്രസ്ഥത്തിലാ
തങ്കഹീനം നിവസിച്ചു *

(താമരക്കണ്ണൻ എന്നപൊലെ).

രാജരാജനാം ധൎമ്മനന്ദനൻ
രാജസൂയവും ചെയ്തനാൾ *
രാജധാനിയിലുള്ളൊരത്ഭുത
വ്യാജമന്വൊടു കാങ്കയാൽ *
മാനിയാം ദുരിയൊധനനവ
മാനമെറ്റം ഭവിച്ചുപൊൽ *
സ്ഥാനഭ്രംശവും വന്നു മാൎഗ്ഗത്തിൽ
ദീനനായന്നുഴന്നപൊൽ *
ഭദ്രയാം ദ്രുപദെന്ദ്രനന്ദിനി
വിഭ്രതമത്തു കണ്ടുപൊൽ *
ഭദ്രമാം കതകും മറഞ്ഞുനി
ന്നദ്രൌപദി ചിരിച്ചുപൊൽ *
വിഭ്രതഗതിനന്ദനൻ പുന
രദ്രഹത്തെ ഹസിച്ചുപൊൽ *
പന്നഗദ്ധ്വജനാം സുയൊധന
നന്നെരത്തു കണ്ടുപൊൽ *
ഖിന്നഭാവവും നാണവും പൂണ്ടു
മന്ദിരം പുക്കു വാണുപൊൽ *

## വൃത്ത

മന്നവന്മാരനെകമൊന്നിച്ചു
വന്നിരിയ്ക്കും സഭയിങ്കൽ ⁜

ഉന്നതമായ മാനഹാനിയും
വന്നിതല്ലൊ നമുക്കഹൊ ⁜

കന്നൽനെർമിഴിദ്രൌപദീവായു
നന്ദനാദികളന്നെരം ⁜

പാരമായി പരിഹാസംചെയ്തു
പാരമുള്ളൊരഹമ്മതി ⁜

മാരുതാത്മജനങ്ങിനെയുള്ള
നാരിയാമവൾക്കിങ്ങിനെ ⁜

നെരെ നിന്നപമാനിപ്പാനൊരു
കാരണം പരമൊക്കിലൊ ⁜

ധീരരായഞ്ചു നാഥന്മാരുണ്ടെ
നെറെയുള്ള മദംകൊണ്ടു ⁜

ചെരുമെങ്കിലതിന്നവൾക്കു ഞാൻ
വീരരാമവർ കാങ്കവെ ⁜

പാരമായപമാനമെകണ
മെറിയൊന്നിനി വൈകാതെ ⁜

പാരമിങ്ങിനെ ചിന്തിച്ചു കുരു
വീരനങ്ങു വസിച്ചുപൊൽ ⁜ ൨

(അതുനെരം മന്നവന്മാർ എന്നപൊലെ).

ദുൎമ്മതിമാർകുലമൌലിമണിയായ സുയൊധനൻ
ദുൎമ്മതിയാം ശകുനിയെ വിളിച്ചൊരുനാൾ ⁜

നിൎമ്മലമാനസനായ ധൎമ്മരാജാത്മജനെയും
നിൎമ്മരിയാദങ്ങൾകൊണ്ടു ചതിപ്പാനായി ⁜

വൃന്ദ

കൎണ്ണനെയും വിളിച്ചവൻ ഗൂഢമായിട്ടൊരു ദിക്കിൽ
പൊൎണ്ണന്മാരൊന്നിച്ചുകൂടി പറഞ്ഞു ഭൂപൻ *

പണ്ടു നാമെല്ലാരുംകൂടി രാജധാനി കാണ്മാനായി
ക്കൊണ്ടു പൊയന്നവരൊരൊ ചതിവുകാട്ടി *

ചെണ്ടകൊട്ടിച്ചഹൊ നമ്മെ പരിഹാസം പാരം ചെയ്തു
കൊണ്ടൽവെണിപാഞ്ചാലിയും പരിഹസിച്ചു *

കുഞ്ഞതയിങ്ങഹൊ പാരമുണ്ടതുകൊണ്ടൊരു നാരി
രണ്ടെന്നു ഭാവിച്ചാലിങ്ങു ഉരുതാപം തന്നെ *

ഉള്ളിലവൾക്കധികമായുള്ളലുണ്ടിന്നതുകൊണ്ടു
കള്ളമല്ലിന്നവൾ നമ്മെ പരിഹസിച്ചു *

തള്ളലുള്ളതകററവാനൊരു കൌശലമില്ലിപ്പൊൾ
കള്ളമായൊന്നുളവാക്കി ചതിച്ചിടെണം *

സഭയിൽവച്ചപമാനിച്ചതിനു നാമവളെയും
സഭയിൽവച്ചപമാനിച്ചെങ്കിലെ പൊരു *

അതിനെന്തൊരുപായമെന്നതു നിങ്ങൾ നിരുപിച്ചു
ചതുരമായിട്ടുതന്നെ പറഞ്ഞിടെണം *

അതുകെട്ടു കുമതികൾക്കധിപനാം ശകുനിയും
ഹിതമായൊന്നുണൎത്തിച്ചു നൃപതിയൊടു * ൩൨

(മററുള്ള ഗൊപിമാർ എന്നപൊലെ).

എങ്കിലൊ കെട്ടാലും ഭൂപാലമൌലെ
മങ്കയാം പാഞ്ചാലനന്ദിനിതന്റെ *

ഹുങ്കൃതി പൊക്കുവാനുണ്ടൊരുപായം
തിങ്കൾകുലെശ നീ കെളതു ചൊല്ലാം *

ചൂതു കളിക്ക നീ പാണ്ഡവനൊടു
കൈതവംകൊണ്ടു ഞാനതു ജയിക്കാം *

വൃ ൧

ചേതസി ചേററില്ലതിന്ന വിഷാദം
പ്രേതാധിപാത്മജൻ തൊല്ക്കുമിദാനീം *

നാടും നഗരവും വീടുമിതെല്ലാം
പാടെ ഭണ്ഡാരവുമാടകൾ പിന്നെ *

നാടതിലുള്ള പദാൎത്ഥമശെഷ
മാടുവാൻ വയ്ക്കണമെന്നിഹ പണയം *

ആട്ടത്തിൽ തൊല്ക്കുന്നൊർ നാടു വെടിഞ്ഞു
കാട്ടിൽ ചെന്നീരാറു വത്സരകാലം *

കൂട്ടത്തൊടൊന്നിച്ചു വാഴകവെണം
പിട്ടല്ലജ്ഞാതമൊരാണ്ടു വസിച്ചു *

എന്നെല്ലാം വാതു പറഞ്ഞിഹ നീയും
നന്നായ്ക്കളിയ്ക്ക ജയിയ്ക്കടൊ നീയ്യു് *

എന്നതു കെട്ടുരചെയ്തിതു ഭൂപൻ
എന്നാലതങ്ങിനെയാമെന്ന ചൊല്ലി *

മന്നവനായ യുധിഷ്ഠിരനെയും
തന്നുടെ സൊദരന്മാരെയുമെല്ലാം *

തത്ര വരുത്തി ബഹുമതിയൊടെ
ചിത്രമാം സിംഹാസനത്തിലിരുത്തി *

എത്രയും പ്രീതിപൂണ്ടാശു വണങ്ങി
മിത്രാത്മജാത്മജനൊടുരചെയ്തു * ൪

(ദ്വാരകാമന്ദിരം എന്നപൊലെ).

രാജമൌലെ പൂൎവ്വജ നീ
രാജസൂയം ചെയ്തമൂലം *

രാജവംശമതിനിന്നു
രാജകീൎത്തിയും ലഭിച്ചു *

നമ്മുടെവംശത്തിനെല്ലാം
നന്മ വന്നിടുമെ മെലിൽ *

സന്മതെ ഈ ചെയ്ത യാഗം
നന്മയാൽ സിദ്ധിച്ചു നന്നായ് *

ഭാഗ്യം വെണമിതിന്നു മെ
യൊഗ്യംകൂടാതെ സാധിപ്പാൻ *

ഭാഗ്യമൊത്താൽ ഭവാനൊളം
ഭാവിച്ചാലന്യനുണ്ടാമൊ *

അഗ്രജ നിന്നൊടും കൂടി
ട്ടീ ഗൃഹെ നാലുനാളിപ്പൊൾ *

അഗ്രമൊദമൊടു വാഴ്വാ
നാഗ്രഹിച്ചാളയച്ചു ഞാൻ *

സൌഖ്യമായഞ്ചാറു നാളി
രിയ്ക്ക നാമെല്ലാരുംകൂടി *

സല്ക്കഥകളൊരൊന്നെല്ലാം
മാഖ്യാനംചെയ്തുകൊണ്ടിപ്പൊൾ *

ഉൾക്കരുന്നിലുള്ള വ്യാജ
മൊക്കെയും മറച്ചുംകൊണ്ടു *

ചക്കരവാക്കൾ പറഞ്ഞ
തൊക്കെയും ധർമ്മജൻ കെട്ടു *

സത്യമെന്നുള്ളിലുറച്ചു
സത്യവാദിയായ ഭൂപൻ *

ചിത്തമൊദത്തൊടും കൂടി
തത്ര വാണാനെന്നെ വെണ്ടു *

വൃൻ

(എരട്ടിക്കുമ്മി പൊലെ).

രണ്ടു നാളിങ്ങിനെ മൊദത്തൊടെ
ഇണ്ടലകന്നു വസിയ്ക്കും കാലം *
കുണ്ഠനായുള്ള സുയൊധനനും
ചെണ്ടകൊട്ടിപ്പതിനായൊരുങ്ങി *

ഊണു കഴിഞ്ഞവരെല്ലാവരും
ക്ഷീണമകന്നു വസിയ്ക്കുന്നെരം
കർണ്ണനും വന്നു—ശകുനിയുമന്നെരം ചെന്നു
സഭയതിലൊന്നിച്ചിരുന്നു—സുയൊധനൻ മൊദമിയന്നു
—പറഞ്ഞിന്നിഹ
പാരം മുഷിയുന്നു ബത നെരംപൊക്കെന്തൊന്നിനി
വെണ്ടുന്നതെന്നു പറഞ്ഞിടെണമതു
കാണികൾക്കും രസമായിടെണം *

എന്നതു കെട്ടു പറഞ്ഞു കർണ്ണ
നെന്നാലതിന്നിഹ ഞാൻ പറയാം
ചൂതു കളിയ്ക്ക—ശകുനി നീയാശു വരിയ്ക്ക
നെർകൊമ്പിൽ നീതാനിരിയ്ക്ക—യുധിഷ്ഠിരൻതാനും കളിയ്ക്ക
—മറ്റെല്ലാരും
മൊദത്തൊടു പാദത്തിനു ഭെദത്തെ ചൊല്ലാതെക
ണ്ടാനന്ദത്തൊടെ വസിച്ചിടെണം പര
മാനന്ദത്തൊടെ കളിച്ചിടെണം *

എന്നതു കെട്ടു ശകുനിതാനും
നന്നായ്പുരച്ചതിൽ ചൂതുകളും
ഒക്കെ നിരത്തി—ധർമ്മാത്മജൻതന്നെയിരുത്തി
മറുകൊമ്പിലാക്കി തരത്തിൽ—ശകുനിതാനാശു കരത്തിൽ
—പകിടയും
കയ്ക്കൊണ്ടവനുൾക്കാമ്പിലനക്കം കൂടാതെക
ണ്ടൊന്നിച്ചു നന്നായ്ക്കളിച്ചാരെല്ലാമപ്പൊൾ
പന്നഗകെതനനെവം ചൊന്നാൻ *

വാത്തു പറഞ്ഞു കളിച്ചിടെണം
ചെതസി ചിന്തിച്ചുറച്ചിടെണം
ഞാനിഹ ചൊല്ലാം—നമുക്കുള്ള നാടുമിതെല്ലാം
ഭണ്ഡാരമിത്യാദികളെല്ലാം—സന്ദെഹമൊഴിഞ്ഞുള്ളതെല്ലാം
—പണയമായ്

വയ്ക്കാമിഹ തൊല്ക്കിൽ പുനരാകെ തവ തല്ക്കാമിത
മൊക്കെ പറഞ്ഞാലും പൂൎവ്വജ നീ മമ
നീക്കമില്ലെന്നു ധരിയ്ക്കു വിഭൊ *

ധന്യനാം ധൎമ്മജൻ ചൊന്നാനപ്പൊ
ളെന്നതു നിൎണ്ണയമെങ്കിലഹൊ
തന്നിടാം ഞാനും—ജഗൽപ്രാണനന്ദനൻതാനും
ജഗല്പരലൊകെന്ദ്രസൂനു—എന്നല്ല മററുള്ളൊരെതാനും
—വിരൊധമായ്

തെല്ലൊന്നിഹ ചൊല്ലുന്നവരല്ലെന്നതു ചൊല്ലാമിഹ
എല്ലാവരും ധരിച്ചീടവെണം നമു
ക്കില്ല വിഷാദമെന്നൊൎത്തിടെണം *

കള്ളം തിരിയാത്ത മന്നവനും
കള്ളനായുള്ള സുയൊധനനും
വാത്തു പറഞ്ഞു—ജനങ്ങളും പാരം നിറഞ്ഞു
കളിപ്പതിനാശ്ശു തുനിഞ്ഞു—സുയൊധനൻ മൊദം നിറഞ്ഞു
—ശകുനിയെ

തക്കത്തിലിരുത്തി തരമൊത്തെന്നൊരു ചിത്തത്തൊടു

തത്ര വിചിത്രമാം പീഠത്തിന്മെലഥ
നെത്രയും കൌതുകത്തൊടു വാണു * ന്നു

(കുറത്തിപൊലെ).

ദുൎമ്മതിയാം ശകുനിയും ധൎമ്മജനും കൂടി
നന്മയൊടെ കളിച്ചവരുന്മദമിയന്നു *

വാത്തു ചൊല്ലി കളിയ്ക്കയും ചൂതുകളരങ്ങത്തും
കൈതവമറിയിയ്ക്കാതെ മാതുലൻ വഹിച്ചും *

ആക്കമൊടെ ധൎമ്മാത്മജൻ വയ്ക്കിലൊരു ചൂതു
ചിക്കനെ ശകുനിതാനതൊക്കെയുമറുത്തും *

ഉൾക്കരുന്നുറപ്പിച്ചു കളിയ്ക്കുമപ്പൊൾ ഭൂപൻ
രണ്ടു മൂന്നു ചൂതു പിന്നെ കൊണ്ടുപൊയ് നിരത്തും *

ഇണ്ടലൊഴിഞ്ഞവൻ വെട്ടിത്തുണ്ടുമറിച്ചീടും
കുഞ്ഞനായ്പിന്നെയും ഭൂപൻ കൊണ്ടുചെന്നു വയ്ക്കും *

അപ്പൊഴെ ശകുനി വെട്ടീട്ടാ പടത്തിലാക്കും
ബുദ്ധിയും കെട്ടവനീശൻ ബദ്ധനല്ലാതായി *

മുഗ്ദ്ധഭാവം പൂണ്ടു കുരുലുബ്ധനും ചിരിച്ചു
ക്രുദ്ധനായി ഭീമൻ തന്റെ ബുദ്ധിയിലടക്കി *

പാൎത്ഥനൊന്നും പറയാതെ പാൎത്തിരുന്നു ദൂരെ
മാദ്രിതൻ നന്ദനന്മാരും ഭദ്രമായിരുന്നു *

വിദ്രുതമവനീശൻതാൻ ഭദ്രമായി തൊററു
നൂററവരിൽ മൂത്തവനങ്ങെററവും ഞെളിഞ്ഞു *

പൊററിയെ നിനച്ചുകൊണ്ടു പാണ്ഡവരും നിന്നു
ഏററവും മദിച്ചു കുരുക്കൂററനമന്നെരം * ൧

(പാനപൊലെ).

നിൎമ്മലാത്മാവായുള്ള യുധിഷ്ഠിരൻ
തൻമുഖം കരിഞ്ഞങ്ങിനെ നില്ക്കുമ്പൊൾ *

ദുൎമ്മതിയുരഗധ്വജൻ ചൊല്ലിനാ
നമ്മഹാസഭയിങ്കലനാകുലം *

ധൎമ്മം പൊലെ അനുഷ്ഠിച്ചു മെവുന്ന
ധൎമ്മിയല്ലെ ഭവാനിഹ തൊററതു *

ധൎമ്മമല്ല നീ ചെയ്യുന്നതൊന്നുമെ
നിൎമ്മരിയാദമൊക്കെയും നിൎണ്ണയം *

അന്യന്നുള്ള ധനത്തെയടക്കുവാൻ
മാന്യനാം നിനക്കാഗ്രഹമൊട്ടല്ല *

ഒന്നിലും കൊതിയില്ല നമുക്കെന്നു
മാന്യരൊട്ട പറഞ്ഞു ഫലിപ്പിയ്ക്കും *

കണ്ണു കാണാത്ത നമ്മുടെ അഛനെ
കണ്ണുസൌഖ്യം പറഞ്ഞു ഫലിപ്പിച്ചു *

നാടെനിയ്ക്കുള്ളതൾമുപായത്തിൽ
ഗൂഢമായി നീ കയ്ക്കലാക്കീലയൊ *

കഷ്ടമിങ്ങിനെ തട്ടിപ്പറിച്ചെന്നാൽ
പിട്ടല്ലൊക്കെയും പൊട്ടിത്തെറിച്ചുപൊം *

നെരുകെടുകൾ ചെയ്കിലതെത്രയും
നെരുതന്നെ പുലരുമൊടുക്കത്തു *

പാരിതൊക്കെ നമുക്കുള്ളതാകയാൽ
നെരുപൊലെ നമുക്കായിതിന്നെടൊ *

രാജഭാവം നടിച്ചു ചിലദിനം
രാജവംശമില്ലാത്ത നിനക്കഹൊ *

വ്യാജമെന്നിയെ യൊഗമുണ്ടായതു
രാജീവത്തിലിരിപ്പവൻ വച്ചതു *

ആയതൊക്കെ കഴിഞ്ഞു വനത്തിനു
പൊയിരിയ്ക്കാമിനിജ്ജന്മമുള്ള നാൾ *

കാട്ടിലല്ലെ ജനിച്ചതും മുന്നമെ
കാട്ടിൽതന്നെ വസിയ്ക്കേണ്ടും നിങ്ങൾക്കു *

നാട്ടിലല്ലമിരിപ്പാനൊരു വഴി
കാട്ടിത്തന്നു കുരുടച്ചാരഛനും *

പുഷ്ടഭാഗ്യമെനിയ്ക്കുണ്ടതുകൊണ്ടു
കിട്ടിയൊന്നുമെ ദുഘ്ഘടംകൂടാതെ *

ദുഷ്ടനായ സുയൊധനനിങ്ങിനെ
ശിഷ്ടനാകിയ ധമ്മതനയനെ *

കഷ്ടമായുള്ള വാക്കു പറഞ്ഞതു
കെട്ടു മാരുതപുത്രനുമന്നെരം *

ദൃഷ്ടിയൊന്നു ചുവന്നു നിജായുധം
പുഷ്ടകൊപമെടുത്തൊന്നു നൊക്കിനാൻ *

ജ്യെഷ്ഠനാകിയ ധമ്മജനായതു
ദൃഷ്ടികൊണ്ടു വിലക്കിയടക്കിനാൻ *

ഇഷ്ടമാകാഞ്ഞതുകൊണ്ടു ഭീമനും
മുഷ്ടിയൊന്നു ഞെരിച്ചുങ്ങടങ്ങിനാൻ *

കഷ്ടമെന്നു നിനച്ചു മഹത്തുക്കൾ
പുഷ്ടതാപം കലൎന്നു മരുവിനാർ * വ്യ

(ഗൊപകുമാരക എന്നപൊലെ).

പന്നഗകെതനനന്നെരം ചൊല്ലിനാൻ
തന്റെ സൊദരനൊ—ടിനി
ചെന്നു നീ പാഞ്ചാലനന്ദിനിയെക്കൊണ്ടു
വന്നിടുകാശു മുദാ *

ഞായമിവൾക്കിനിയുള്ളൊരവകാശം
കായത്തിലല്ലാതില്ല—നല്ല
ഞായമായിന്നു നമുക്കായിവന്നിതു
ടുത്ത പുടവപൊലും *

ചെറ്റും മടിയ്ക്കാതവളുടെ നന്മുടി
ചുറ്റിപ്പിടിച്ചിഴച്ചു—മിഹ
മുറ്റത്തുഴകൊടെ നിൎത്തി ഉടുത്ത പു
ടവയും വാങ്ങിടെണം *

അഗ്രജനെവം പറഞ്ഞതു കെട്ടവ
നുഗ്രനാം ദുശ്ശാസനൻ—പര

മാഗ്രഹമൊടു ദ്രുപദജ വാണിടു
മാഗൃഹം ചെന്നുപുക്കു *

അഗ്രജൻതന്റെ പരിഗ്രഹമെന്നുള്ള
വ്യഗ്രം വെടിഞ്ഞകമെ—പര
മുഗ്രതയൊടവൻ വാഴുന്നറയതിൽ
ശീഘ്രം കടന്നു മൂഢൻ *

സുന്ദരിയാമവൾ തന്നുടെ ആളിക
ളൊന്നിച്ചു കെളിയൊടെ—വാഴു
മന്നെരം ചെന്നങ്ങടുത്തു തലമുടി
ചുററിപ്പിടിച്ചാനപ്പോൾ *

അന്ധത പൂണ്ടു നിജാളികളെവരു
മെന്തിതെന്നുള്ളമൊടെ—ബത
ബന്ധുരഗാത്രിയുമന്ധയായ് നിന്നാളി
തെന്തൊരു കഷ്ടമെന്നും *

ചിന്തിച്ചവനൊടു ചൊന്നാളിതെന്തു നീ
ഹന്ത കഠൊരമതെ—പര
മന്ധജനാം നിനക്കെന്നെ തൊടാമൊട
ചിന്തയില്ലാത്ത മൂഢ *

ഇത്തരമായവൾ ചൊന്നതിന്നെതുമൊ
ന്നുത്തരം ചൊല്ലാതവൻ—മതി
മത്തനായാശു വലിച്ചുമിഴച്ചുകൊ
ണ്ടെത്തി മഹാസഭയിൽ *

മന്നവന്മാരും മഹീസുരവൃന്ദവു
മെന്നല്ലനെകജനം—പര
മൊന്നിച്ചിരിക്കും സഭയതിൽ നിന്നിടും
തന്നുടെ നാഥന്മാരെ *

കുണ്ഠരായാനനം കുമ്പിട്ടുഴലൊടെ
കണ്ടു സരൊജമുഖി—പര

മിണ്ടലിയന്നു പറഞ്ഞു പരിഭവം
കൊണ്ടവളെന്നെ വെണ്ട * ൯

(കല്യാണി കളവാണി എന്നപൊലെ).

നാണം കൂടാതെ നില്ക്കും
പ്രാണവല്ലഭന്മാരെ
പ്രാണവല്ലഭയല്ലൊ
നിങ്ങൾക്ക ഞാൻ *

കാണവെ നിങ്ങളെവം
കൌണപനാകുമിവൻ
നാണക്കെടെകുന്നതു
കണ്ടീലയൊ *

ധന്യമായൊരു സഭ
തന്നിലിന്നൊരു മൂഢൻ
നിന്ദ്യമായൊരു കൎമ്മം
ചെയ്യുന്നതു *

ധന്യന്മാരാകും ഭീഷ്മ
ദ്രൊണാശ്വത്ഥാമാദികൾ
മാന്യന്മാരായ നിങ്ങൾ
കണ്ടീലയൊ *

ഗാന്ധാരിയാകുമമ്മെ
ഹന്ത നീയുമിന്നെവം
സന്തൊഷത്തൊടെ കണ്ടു
നില്ക്കയൊ നീ *

ബന്ധുവെന്നല്ല നാരി
യല്ലൊ ഞാൻ നിന്നെപ്പൊലെ
ഹന്ത നാണത്തിന്നാൎക്കും
ഭെദമുണ്ടൊ *

പാരാതെ പാലനംചെ
യ്തീടെണമിന്നു തായെ
ആരുമില്ലൊരു ബന്ധു
നീയല്ലാതെ *

പാരാതങ്ങത്രു കെട്ടു
ചൊന്നാളാശ്രു ഗാന്ധാരി
വാരനാരിയാം നിന
ക്കെന്തു ഖെദം *

ജാരെ നിനക്കുണ്ടഞ്ചു
ജാരന്മാരിത്രനാളു
മാററാമതിവനെന്നു
നിനച്ചുകൊൾക *

പാരമിന്നിതുകൊണ്ടു
ഖെദിപ്പാനെന്തു മൂലം
വീരനാമിവൻ നിന്റെ
കണവൻ തന്നെ *

ക്രൂരമായുള്ള വാക്യ
മെവം കെട്ടുത്തനെര
ത്തെറിനാൾ ദ്രുപദെന്ദ്ര
നന്ദിനിയും *

ഇക്കണ്ട സഭയെതി
ലുള്ളവരാരും നമ്മെ
രക്ഷിച്ചിടുവൊരില്ലെ
ന്നുറച്ചു നന്നായ് *

ഉൾക്കരുന്നിങ്കലെററം
വർദ്ധിച്ചു ഖെദത്തൊടും
പുഷ്കരാക്ഷനെത്തന്നെ
സ്തുതിച്ചാളെവം * ൧൦

(മംഗളം—ഹരനഗധര എന്നപൊലെ)

ത്രിഭുവനപാവന ലൊലവിലൊചന
ത്രിപുരാന്തകനത ദെവ—കൃഷ്ണ
ത്രിപുരാന്തകനത ദെവ *

ശുഭചരിതാമയനാശന മൊഹന
സുരവരസൊദര ശൌരെ—കൃഷ്ണ
സുരവരസൊദര ശൌരെ *

പരിതാപാംബുധിനടുവിലഹൊ ഞാൻ
പരിചൊടു വീണുഴലുന്നെൻ—കൃഷ്ണ
പരിചൊടു വീണുഴലുന്നെൻ *

പരിപാലയ ഭുവനാലയ വിരവൊടു
പരനിഹ നഹി മമ ദെവ—കൃഷ്ണ
പരനിഹ നഹി മമ ദെവ *

പരനാരു കനതി ഉടുത്തൊരു പൂന്തുകിൽ
പരിചൊടഴിച്ചിഹ നമ്മെ—കൃഷ്ണ
പരിചൊടഴിച്ചിഹ നമ്മെ *

പെരുകിന സഭയതിലപമാനിപ്പാൻ
പരമിഹ തുനിയുന്നല്ലൊ—കൃഷ്ണ
പരമിഹ തുനിയുന്നല്ലൊ *

പരമപമാനം വരുമതിനകമെ
കരുണാസാഗര പൊററി—കൃഷ്ണ
കരുണാസാഗര പൊററി *

നതജനപാലനചതുരനതെന്നൊരു
മധുമൊഴി നീ കളകൊല്ലെ—കൃഷ്ണ
മധുമൊഴി നീ കളകൊല്ലെ *

യദുകുലസാരസബാലദിനെശ
മദകരിവരദ മനൊജ്ഞ—കൃഷ്ണ
മദകരിവരദ മനൊജ്ഞ *

മമ രമണന്മാരെന്നല്ലഖിലരു
മൊരുമയൊടെന്നെ വെടിഞ്ഞു—കൃഷ്ണ
ഒരുമയൊടെന്നെ വെടിഞ്ഞു *

വിരവൊടു പാലയ വെടിയരുതെ മാം
വിനതഭയാപഹ പൊററി—കൃഷ്ണ
വിനതഭയാപഹ പൊററി *

രിക്തമതാകിലഹൊ മമ വസനം
ത്യക്തമതാം മമ ദെഹം—കൃഷ്ണ
ത്യക്തമതാം മമ ദെഹം *

ഭക്തിയൊടവൾ നിജ ഭാരമശെഷം
ഭക്തപ്രിയനു കൊടുത്തു—കൃഷ്ണ
ഭക്തപ്രിയനു കൊടുത്തു *

ഭക്ത്യാ നയനമടച്ചഥ നിന്നാ
ളുത്തമയാം പാഞ്ചാലി—കൃഷ്ണ
ഉത്തമയാം പാഞ്ചാലി * ൧൧

(ശാരദശശി എന്നപൊലെ)

ഇങ്ങിനെ ദ്രുപദജ ഖെദഭയാമിതഭക്തിയൊടും—കൂടി
മംഗലപൂരുഷനാകിയ ദെവനെ ചിന്തചെയ്തു *

മംഗലമൂൎത്തിമുകുന്ദൻ ദ്വാരകതന്നിലപ്പൊൾ—മൊദാ
ലംഗനമാരൊടുകൂടീട്ടൊരു മണിഗെഹംതന്നിൽ *

അക്ഷമതീവമുദാ കളിയാടി വസിയ്ക്കുന്നെരം—കൃഷ്ണ
നക്ഷയമെന്നൊരു മധുമൊഴിയരുളി വിനൊദത്തൊടെ *

തൽക്ഷണമതു കെട്ടംഗനമാരവർ ചൊദ്യംചെയ്തു—നാഥ
അക്ഷയമെന്നൊരു മൊഴിയരുൾചെയ്തതിനെന്തു മൂലം *

അത്രഭവാനീ മൊഴിയരുൾചെയ്തതിനില്ല ബന്ധം—മത്തു
സത്യം പറയണമല്ലാതില്ലിനി കെളിയൊന്നും *

ഉത്തമപൂരുഷനതു കെട്ടവരൊടു ചൊന്നാനെവം—പാരിൽ
ഹസ്തിനപുരമതിലഥ ധൎമ്മജനിഹ ചൂതിൽ തൊററു *

വിത്തവുമെന്നല്ലഖിലം കുരുവരനായിതിപ്പോൾ—പിന്നെ
വസ്ത്രാക്ഷെപമതും ചെയ്യുന്നിതു പാഞ്ചാലീടെ ൰

സത്വരമഥ സഭയതിൽ വച്ചവളുതിഖെദത്തൊടും—നമ്മെ
ചിത്തമതിങ്കലുറച്ചു നിനച്ചതുകൊണ്ടു ഞാനും ൰

വസ്ത്രമതരയിലൊട്ടങ്ങുരുതെന്നൊരനുജ്ഞ നൽകി—യെന്ന
ങ്ങുത്തരമരുളി മനൊഹരിമാരൊടു കെളിയാടി ൰ ൧൨

## (വൃശ്ചികമാസത്തിൽ എന്നപൊലെ).

കരിപുരമതിലുടനരുണാധരിയുടെ
അരയിലുടുത്തൊരു പുടകിലു ൰

കുരുവരകുമതിസഹൊദരനെററം
വിരവൊടഴിച്ചാനതുനെരം ൰

അരയിൽ പുനരൊരു പുട കാണായി
കരുണാകരനുടെ വരമതിനാൽ ൰

വിരവിനൊടവനതുമുടനെയഴിച്ചാ
നൊരു പുട പുനരതിനകമുളവായി ൰

ഝടുതിയഴിച്ചാനവനതുമപ്പൊ
ളുടമയൊടൊരു പുടയുണ്ടരയിൽ ൰

കരളിൽ കൊപമൊടിരുകൈകൊണ്ടും
തെരുതെരെ നിന്നഴിയ്ക്കുന്നെരം ൰

തരുണീമണിയാമവളുടെയരയതി
ലൊരു ചുററിന്നൊരുകുറവില്ലു ൰

കുമതി വലിച്ചുമഴിച്ചു കുഴഞ്ഞു
കരമതു പാരമുഴന്നു നിന്നു ൰

ദുർമ്മതികളതു കണ്ടഖിലെശനുടെ
കരുണാബലമെന്നൊത്തുകൊണ്ടാർ ൰ ൧൰

(ഓടും മൃഗങ്ങളെ എന്നപൊലെ).

സാരസലൊചനയായ പാഞ്ചാലിതൻ
ചാരു വസനമഴിച്ചതെല്ലാം *

പാരം വിളങ്ങി പെരുത്ത സഭയതിൽ
ചാരു പുടവയൊന്നുണ്ടരയിൽ *

കാരുണ്യവാരിധികാർമ്മുകിൽവർണ്ണന്റെ
കാരുണ്യവൈഭവമെന്തു ചൊല്ലു *

നീറുന്ന കൊപമൊടാശു സുയൊധനൻ
പാരാതെ ചാരന്മാരൊടു ചൊന്നാൻ *

വസ്ത്രമിതെല്ലാമെടുത്തൊരു ഭാഗത്തി
ലെത്രയും വെഗത്തിൽ കൊണ്ടുവയ്പിൻ *

ധാത്രീശവാക്കുകളിങ്ങിനെ പാഞ്ചാല
പുത്രിയും കെട്ടതിരൊഷത്തൊടെ *

നെത്രങ്ങളൊന്നു മിഴിച്ചാശു നൊക്കിനാ
ളെത്രയുമുള്ളമുരുകിക്കൊണ്ടു *

പർവ്വതം പൊലങ്ങു കൂടിക്കിടക്കുന്ന
ദുർവ്വാരശൊഭിതവസ്ത്രമപ്പൊൾ *

സർവ്വവും ഭൂതിയാക്കുന്ന നെത്രാഗ്നിയിൽ
സർവ്വരുമൊന്നു വിറച്ചുപൊയി *

കാകൻ കഴുകും കുറുനരി ശ്വാക്കളു
മാകവെ ശബ്ദിച്ചു ഘൊഷമായി *

ലൊകരിതൊക്കെയും കണ്ടു പരസ്പര
മാകവെ ചൊല്ലിനാരാധിയൊടെ *

കഷ്ടമിതൊക്കെയും കൌരവന്മാർക്കൊരു
കഷ്ടമാമാപത്തിനുള്ള വഴി *

നാട്ടിലുള്ളൊർക്കുമാപത്തായ്വരുമെന്നു
നഷ്ടം പറഞ്ഞു പിരിഞ്ഞാരെല്ലാം *

മല്ലാക്ഷിതാനും ശപിച്ചു കുരംക്കളെ
മെല്ലവെ വാങ്ങി വസിച്ചു ചൈദാൽ *
കല്യാണമൂൎത്തിമുകുന്ദനെധ്യാനിച്ചു
മല്ലൽ കുറച്ചുവാളെന്നെ വെണ്ടു *
ചൊല്ലെറുമിക്കഥ ചൊല്ലി സ്തുതിക്കുന്ന
മല്ലാക്ഷിമാൎക്കൊരുനാളും പിന്നെ *
വസ്ത്രത്തിന്നെത്തും മുടക്കം വരാ എന്ന
ല്ലെത്രയും നല്ലതെ വന്നുകൂട്ടു *
ഇത്ഥം പറഞ്ഞൊരു പൈങ്കിളിപ്പൈതലും
തത്ര പറന്നു മറഞ്ഞുപൊയാൾ * ൧൮